**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 935** **30-06-2022 - ൽ മറുപടിയ്ക്ക്**

**മുട്ടിൽ മരം മുറി സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിന്റെ 24.10.2020-ലെ ഉത്തരവിനെ തുടർന്ന് നടന്ന മുട്ടിൽ മരം മുറി സംബന്ധിച്ച് വനം വിജിലൻസ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിരുന്നോ ; വിശദാംശങ്ങൾ നൽകാമോ; | (എ) | സമർപ്പിച്ചിരുന്നു. വനം വിജിലൻസ് വിഭാഗത്തിനു കീഴിൽ രൂപീകരിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തിയ അന്വേഷണം സംബന്ധിച്ച വിശദമായ റിപ്പോർട്ട് 25.06.2021 തീയതിയിൽ വി.ഇ.10-990/2021 നമ്പറായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം 2248 തേക്കുമരങ്ങളും (വ്യാപ്തം - 1612.121 M3, വില - 755.82 ലക്ഷം രൂപ), 171 ഈട്ടി മരങ്ങളും (വ്യാപ്തം - 327.584 M3, വില - 685.93 ലക്ഷം രൂപ) ആണ് മുറിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളത്. |
| (ബി) | മരം മുറിക്ക് കൂട്ടുനിന്നതായി ആരോപിക്കപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി വേണമെന്ന് റിപ്പോർട്ടിൽ ശിപാർശ ചെയ്യുന്നുണ്ടോ ; ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | പ്രസ്തുത അന്വേഷണത്തിൽ, മരം മുറിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് ജീവനക്കാരുടെയും വനം വകുപ്പ് ജീവനക്കാരുടെയും വീഴ്ചകൾ കണ്ടെത്തിയിട്ടുള്ളതാണ്. എന്നാൽ ഭാവിയിൽ മരം മുറിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ശിപാർശകൾ അന്വേഷണ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത റിപ്പോർട്ടിൽ ഐ. എഫ്. എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി ശിപാർശ ചെയ്യുന്നുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | (സി) | ശിപാർശ ചെയ്യുന്നില്ല. |
| (ഡി) | എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ; | (ഡി) | (സി) പിരിവിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഇ) | പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ റിപ്പോർട്ടിൽ ശിപാർശ ചെയ്ത പ്രകാരമുള്ള നടപടി എടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | (ഇ) | (സി) പിരിവിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ